# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1989 – 11/03/2020 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ വളർച്ചാ നിരക്ക്

ചോദ്യം

ശ്രീ.ചിറ്റയം ഗോപകുമാർ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. ഇ.കെ.വിജയൻ

ശ്രീ. വി.ആർ. സുനിൽ കുമാർ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പുമന്ത്രി)

<table>
<tr><th></th><th>ചോദ്യം</th><th>ഉത്തരം</th></tr>
<tr><td>(എ)</td><td>സംസ്ഥാന സർക്കാരിന്റെ കഴിഞ്ഞ ദശാബ്ദത്തിലെ പൊതുകടത്തിന്റെ വളർച്ചാ നിരക്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;</td><td rowspan="2">2016-17 മുതൽ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ വളർച്ചാ നിരക്ക് കുറഞ്ഞു വരുന്നതായിട്ടാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2009-10 മുതൽ 2018-19 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടവും വർദ്ധനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)
<table>
<tr><th>വർഷം</th><th>പൊതുകടം</th><th>പൊതുകടത്തിലുണ്ടായ വർദ്ധനവ്</th><th>പൊതുകടത്തിലുണ്ടായ വർദ്ധനവ് (%)</th></tr>
<tr><td>2009-10</td><td>49673.31</td><td>4850.46</td><td>10.82</td></tr>
<tr><td>2010-11</td><td>54887.18</td><td>5213.87</td><td>10.50</td></tr>
<tr><td>2011-12</td><td>61793.08</td><td>6905.90</td><td>12.58</td></tr>
<tr><td>2012-13</td><td>72250.19</td><td>10457.11</td><td>16.92</td></tr>
<tr><td>2013-14</td><td>83466.56</td><td>11216.37</td><td>15.52</td></tr>
<tr><td>2014-15</td><td>96132.96</td><td>12666.40</td><td>15.18</td></tr>
<tr><td>2015-16</td><td>109730.97</td><td>13598.01</td><td>14.15</td></tr>
<tr><td>2016-17</td><td>125882.86</td><td>16151.89</td><td>14.72</td></tr>
<tr><td>2017-18</td><td>142984.53</td><td>17101.67</td><td>13.59</td></tr>
<tr><td>2018-19</td><td>158234.44</td><td>15249.91</td><td>10.67</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ഈ സർക്കാരിന്റെ കാലയളവിൽ പൊതു കടത്തിന്റെ വളർച്ചാ നിരക്കിൽ കുറവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;</td></tr>
<tr><td>(സി)</td><td>സംസ്ഥാന സർക്കാരിന് വായ്പ എടുക്കുന്നതിനുള്ള പരിധി, കേന്ദ്ര സർക്കാർ നിശ്ചയിക്കുന്നത്</td><td>14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ്, 2003 ഭേദഗതി ചെയ്യുകയും ധനകമ്മി ലക്ഷ്യങ്ങൾ</td></tr>
</table>

| | | |
|---|---|---|
| | ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; | നിശ്ചയിക്കുകയും ചെയ്തിട്ടുള്ളത്. ഇതുപ്രകാരം 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ധനകമ്മി 3 ശതമാനത്തിനുള്ളിൽ നിർത്തേണ്ടതുണ്ട്. ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ കടമെടുപ്പ് പരിധി നിശ്ചയിച്ച് നൽകുന്നത്.<br>കൂടാതെ, 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിനുമേൽ അധികരിക്കുന്ന വായ്പ വരും വർഷങ്ങളിലെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറവ് ചെയ്യുന്ന തരത്തിൽ കേന്ദ്ര സർക്കാർ നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാന സർക്കാരിന് ലഭ്യമാകുന്ന വിദേശസഹായ വായ്പകൾ, വിദേശസഹായ പദ്ധതികൾക്ക് മാത്രമാണോ ചെലവഴിക്കുന്നത്; വ്യക്തമാക്കുമോ; | കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭ്യമാകുന്ന വിദേശ സഹായ വായ്പകൾ പൂർണ്ണമായും അതത് വിദേശസഹായ പദ്ധതികൾക്കു വേണ്ടിയാണ് ചെലവഴിക്കുന്നത്. സംസ്ഥാന വികസന വായ്പ സഞ്ചിത നിധിയിൽ നിക്ഷേപിച്ച് നിത്യ നിദാന ചെലവുകൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ഏറിയ പങ്കും വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. വായ്പയെടുത്ത തുക പൂർണ്ണമായും ആസ്തി വികസനപ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുകയാണ് അഭികാമ്യമായിട്ടുള്ളത്. എന്നാൽ റവന്യൂകമ്മി ഇല്ലാതായാലെ ഇത് സാദ്ധ്യമാകൂ. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് പരിശ്രമിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |
| (ഇ) | സംസ്ഥാന സർക്കാർ വായ്പ എടുക്കുന്ന തുക പൂർണ്ണമായും ആസ്തി വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന തരത്തിലുള്ള ധനകാര്യ മാനേജ്മെന്റ് ആവിഷ്ക്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**